# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2243 — 11.06.2018 — ൽ മറുപടിക്ക്

## റേഷൻ കാർഡിലെ കൂട്ടിച്ചേർക്കലും ഒഴിവാക്കലും

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ : | ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡ്, നിലവിലുള്ള കാർഡിൽ കൂട്ടിചേർക്കൽ, ഒഴിവാക്കൽ എന്നിവ സാധ്യമാകാത്തതിനാൽ ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) യും (ബി) യും ഉണ്ട്. നിലവിൽ റേഷൻ കാർഡ് ലഭ്യമല്ലാത്തവർക്കും റേഷൻ കാർഡ് പുതുക്കലിൽ ഫോട്ടോ എടുത്ത് പുതുക്കാൻ കഴിയാത്തവർക്കും റേഷൻ കാർഡുകൾ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തിയായി വരുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് നിലവിലുള്ള റേഷൻകാർഡുകളിൽ തിരുത്തൽ വരുത്തുക, പുതുതായി ആളുകളെ ചേർക്കുക, നിലവിലുള്ള ആളുകളെ ഒഴിവാക്കുക, മറ്റൊരു താലൂക്കിലേക്ക് റേഷൻ കാർഡ് മാറ്റുക തുടങ്ങിയ വിഷയങ്ങൾ പരിഗണിക്കുന്നതാണ്. |
| (ബി) എങ്കിൽ ജനങ്ങൾക്ക് ഉണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് എന്തെങ്കിലും തുടർ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ? | |

സെക്ഷൻ ഓഫീസർ